Talented Bankers Literary Panel
പുസ്തക പരിചയം 227

ലണ്ടനിലേക്ക് ഒരു റോഡ് യാത്ര,
ബൈജു എൻ നായർ

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർബിഓ തൃശൂർ.

കഴിഞ്ഞ രണ്ട് മാസത്തോളമായി ഒന്നും വായിക്കാൻ പറ്റാത്ത അവസ്ഥയിൽ ആയിരുന്നു. കുറച്ച് വർഷങ്ങളായി സുഗമമായിരുന്ന വായനയുടെ ഒഴുക്ക് എന്തോ കാരണങ്ങളാൽ നിലച്ചു. ഇടയ്ക്കിടെ ഷെൽഫിലിരിക്കുന്ന ഏതെങ്കിലും പുസ്തകം എടുത്ത് മറിച്ചു നോക്കും... ഒന്നും വായിക്കാൻ കഴിഞ്ഞില്ല. മുമ്പ് വായിച്ചു ഇഷ്ടപ്പെട്ട ബുക്കുകളും പുനർവായന തന്നില്ല.

ഒരു യാത്ര പോകാനാണ് തോന്നിയത്. അകലെ, അകലങ്ങളിലുള്ള ലോകത്തെ തേടി ഒരു യാത്ര....

ഒടുവിൽ തൃശൂരിൽ മാതൃഭൂമി ബുക്സിൽ കയറി കുറേ സമയം ചിലവഴിച്ചു. ഇടയ്ക്കങ്ങനെ പോയി ഇരിക്കാറുണ്ട്. കയ്യിലിരിക്കുന്ന പുസ്തകങ്ങൾ പിന്നെ വായിക്കാം, ഇപ്പോഴത്തെ ബ്ലോക്ക് മാറ്റാൻ പറ്റുന്ന എന്തെങ്കിലും കിട്ടുമോ എന്ന് പരതിയപ്പോഴാണ് ഈ പുസ്തകം കണ്ണിൽ ഉടക്കിയത്....

ലണ്ടനിലേക്ക് ഒരു റോഡ് യാത്ര.
ഓട്ടോമൊബൈൽ ജേർണലിസ്റ്റ് ബൈജു എൻ നായർക്ക് മികച്ച യാത്രാവിവരണത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത യാത്രാ വിവരണം.
ബൈജു, ലാൽ ജോസ്, സുരേഷ് ജോസഫ് എന്നിവർ ലണ്ടനിലേക്ക് നടത്തിയ യാത്ര ഏറെ ശ്രദ്ധ പിടിച്ച് പറ്റിയതായിരുന്നു. അന്ന് പത്രത്തിൽ അതേകുറിച്ച് വായിച്ചിരുന്നു. റഷ്യയിൽ വെച്ച് ഈ മൂവർ സംഘം അഭിപ്രായ വ്യത്യാസങ്ങളെത്തുടർന്ന് പിരിഞ്ഞിരുന്നു. ബൈജു ഒറ്റക്ക് ബസ്സിലും മറ്റു രണ്ട് പേർ കാറിലും യാത്ര തുടർന്നു. അതും ഈ പുസ്തകം വാങ്ങി വായിക്കാൻ മുൻ കാലത്ത് എന്നെ തടസ്സപ്പെടുത്തിയിരുന്നു.

പക്ഷെ, എന്തൊരു യാത്രയും എഴുത്തുമായിരുന്നു ഇതെന്നോ. യാത്രകളെ സ്നേഹിക്കുന്നവർ വായിച്ചില്ലെങ്കിൽ നഷ്ടം തന്നെ.
ഇന്ത്യയിൽ നിന്നും റോഡിലൂടെ ഇരുപതിൽ അധികം രാജ്യങ്ങൾ, 24000 കിലോമീറ്ററുകൾ യാത്ര. അത് ശരിക്കും അല്പം സാഹസികത നിറഞ്ഞതല്ലേ.

അതിനുള്ള ഒരുക്കങ്ങൾ, വിസ, വാഹനം കൊണ്ടുപോകുന്ന നടപടികൾ, ലൈസൻസ്....അങ്ങനെ ഒരുപാട് അറിവുകൾ കിട്ടി.

വൈവിദ്ധ്യങ്ങൾ... ഭാഷകൾ, സംസ്കാരങ്ങൾ, കാഴ്ചകൾ, ഭക്ഷണം.... ഇത് ഒന്നൊന്നര യാത്രതന്നെ.

നേപ്പാൾ, ചൈന, റഷ്യ ഉൾപ്പെടെയുള്ള പഴയ സോവിയറ്റ് യൂണിയൻ രാജ്യങ്ങൾ, യൂറോപ്പിലെ സമ്പന്ന നഗരങ്ങൾ, ഈ രാജ്യങ്ങളിലെ മലയാളികൾ.....
ടിബറ്റൻ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള ചൈനയിലൂടെയും റഷ്യയിലൂടെയുമാണ് കൂടുതൽ ദിവസങ്ങൾ. ഹിമാലയ കാഴ്ച്ചകളും ചൈന കാഴ്ചകളും നമുക്ക് പുതുമ തരുന്നു. ആരും ഇത്രയും നാൾ ഈ രാജ്യങ്ങളിലൂടെയൊന്നും പോയത് ഞാൻ വായിച്ചിട്ടില്ല.

350 പേജുകളിൽ വളരെ ഒതുക്കി നന്നായി എഴുതിയിട്ടുണ്ട്. ലളിതം, അപൂർവം, സുതാര്യം, നല്ല ആഖ്യാനം. ഒരു ത്രില്ലെർ പോലെ രണ്ട് ദിവസം കൊണ്ട് വായിച്ചു തീർക്കാം.

എന്തായാലും ഒരു യാത്ര കഴിഞ്ഞപ്പോൾ കുറച്ച് നാളായുള്ള വായനാ തടസ്സം മാറി. ശശിധരൻ മാഷിന്റെ മഹാ വ്യസനങ്ങളുടെ നദി, ഇ സന്തോഷ് കുമാറിന്റെ കാക്കരദേശത്തെ ഉറുമ്പുകൾ എന്നിവക്ക് ശേഷം വിനോയുടെ പുറ്റ് കയ്യിലെടുത്തു. എല്ലാം സുന്ദര വായനകൾ.....

ഒരു മാതൃഭൂമി പ്രസിദ്ധീകരണം
വില : 400 രൂപ.